# തനിക്കു വസിക്കുവാൻ ഒരു ഭവനം പണിയുവാൻ ദൈവം നമ്മോട് കൽപ്പിക്കുന്നു.

സാക് പുന്നൻ

WFTW 03 മാർച്ച് 2012

ചില ഭവനങ്ങളിലേക്ക് കടന്നു ചെല്ലുമ്പോൾ നമുക്കൊരു അസ്വസ്ഥത തോന്നും, എന്നാൽ മറ്റു ചില ഭവനങ്ങളിലേക്ക് ചെന്നാൽ നമ്മുടെ സ്വന്തം വീട്ടിലേക്കു ചെന്നതുപോലെയുള്ള അനുഭവമാണ് ഉണ്ടാകുന്നത്. ഈയൊരു അനുഭവത്തെ വിശദീകരിക്കുവാൻ പ്രയാസമാണ്. എന്നാൽ നമുക്കെല്ലാം അത് അറിയാം.

ഒരു ക്രിസ്തീയ ഭവനം യേശുവിനു വസിക്കുവാൻ വളരെ താൽപര്യം തോന്നുന്ന ഒരു സ്ഥലമായിരിക്കണം. അവിടെ കാണുന്ന കാര്യങ്ങളിലെല്ലാം യേശു സന്തോഷിക്കണം. അതിൻറെ അർത്ഥം അവിടെ കാണുന്ന പുസ്തകങ്ങളും, മാസികകളും, ഭർത്താവും ഭാര്യയും തമ്മിലുള്ള സംഭാഷണവും, സംസാരിക്കുന്ന കാര്യങ്ങളും, ടെലിവിഷനിൽ കാണുന്ന പരിപാടികളും, അങ്ങനെ എല്ലാ കാര്യങ്ങളും യേശുവിനെ സന്തോഷിപ്പിക്കുന്നതായിരിക്കണം. പല ക്രിസ്തീയ ഭവനങ്ങളിലും വേദവാക്യങ്ങൾ ഭിത്തിയിൽ എഴുതി വച്ചിട്ടുണ്ട് എന്നാൽ അവിടെ വസിക്കുവാൻ യേശുവിനു താൽപര്യം തോന്നുന്നില്ല.

എത്ര മഹത്തായ കാര്യങ്ങൾ മുൻകൂട്ടി കണ്ടാണ് ദൈവം ആദാമിനേയും ഹവ്വയേയും കൂട്ടിച്ചേർത്തതെന്നു നിങ്ങൾക്ക് ചിന്തിക്കുവാൻ സാധിക്കുന്നുണ്ടോ? ഒരു പിതാവെന്ന നിലയിൽ എത്ര വലിയ പദ്ധതികളാണ് അവിടുന്ന് അവർക്ക് വേണ്ടി ഒരുക്കിയത്? തനിക്കു ഒന്നാം സ്ഥാനം നൽകുന്ന ഒരു ഭവനം അവർക്കുണ്ടാകുമെന്നു അവിടുന്ന് പ്രതീക്ഷിച്ചു. എന്നാൽ എത്ര വേഗമാണ് ദൈവം നിരാശനായത്. അവിടുന്ന് അവരോട് കോപിച്ചില്ല. എന്നാൽ അവിടുന്ന് ദുഃഖിച്ചു. പല ക്രിസ്തീയ ഭവനങ്ങളിലും സമാധാനമില്ലാതെ വഴക്കും പോരാട്ടവുമാണെന്നു കാണുമ്പോൾ ഇന്നും ദൈവത്തിൻറെ ഹൃദയത്തിൽ വലിയ ദുഃഖമുണ്ടെന്നാണ് ഞാൻ കരുതുന്നത്. എന്തെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ മാത്രം അവർ ദൈവത്തിങ്കലേക്കു തിരിയുന്നു. ലോകത്തിൻറെ മക്കൾ ദൈവത്തിങ്കലേയ്ക്ക് തിരിയുന്നത് എന്തെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ മാത്രമാണ്. എന്നാൽ ക്രിസ്ത്യാനികളെന്ന നിലയിൽ നാം വ്യത്യസ്തരായിരിക്കണം. ഏതെങ്കിലും പ്രയാസങ്ങളുടെ നടുവിൽ അടിയന്തിര ഘട്ടത്തിൽ വിളിക്കാനുള്ള നമ്പരായി ദൈവത്തെ കാണരുത്. ദൈവം എല്ലായ്പ്പോഴും നമ്മുടെ ജീവിതത്തിൻറെ കേന്ദ്രമായിരിക്കണം.

ഏതൊരു ഉപകരണവും വാങ്ങുമ്പോൾ അതിൻറെ കൂടെ നമുക്ക് ലഭിക്കുന്ന 'നിർമ്മാതാക്കളുടെ നിർദ്ദേശങ്ങൾ' എന്ന ലഘു പുസ്തകം പോലെ തന്നെ നമുക്ക് നൽകപ്പെട്ടിരിക്കുന്നതാണ് ദൈവ വചനം. നാം വാങ്ങുന്ന ഇലക്ട്രോണിക് ഉപകരണം ഉപയോഗിക്കുമ്പോൾ നിർമ്മാതാക്കളുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ നാം ശ്രദ്ധാലുക്കളാണ്. നിങ്ങളുടെ ഉപകരണത്തിന് എന്തെങ്കിലും കുഴപ്പമുണ്ടായിട്ടു അതുമായി നിർമ്മാതാക്കളെ സമീപിച്ചാൽ അവർ ആദ്യം ചോദിക്കുന്നത് 'നിങ്ങൾ നിർമ്മാതാക്കളുടെ നിർദ്ദേശങ്ങൾ എന്ന ലഘുപുസ്തകത്തിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണോ ഉപകരണം പ്രവർത്തിപ്പിച്ചത് ?' എന്നായിരിക്കും. നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചില്ലെങ്കിൽ ഗാരണ്ടി തന്നെ അസാധുവായിരിക്കും എന്ന കാര്യം മിക്കവാറും എല്ലാ ഉപകരണങ്ങളുടേയും ഗാരണ്ടികാർഡിൽ തന്നെ വ്യക്തമായി എഴുതിയിട്ടുണ്ട്.

നമ്മുടെ പ്രശ്നങ്ങൾ എത്രമാത്രം കുഴഞ്ഞുമറിഞ്ഞതാണെങ്കിലും അതുമായി അവിടുത്തെ അടുത്തേയ്ക്ക് ചെന്നാൽ അത് ശരിയാക്കുവാൻ അവിടുന്ന് തയ്യാറാണ് എന്നതാണ് ദൈവത്തെക്കുറിച്ചുള്ള അത്ഭുതകരമായ കാര്യം. അത് ഒരു വർഷത്തേയ്ക്ക് മാത്രമുള്ള ഒരു ഗാരണ്ടിയല്ല, ജീവിതകാലം മുഴുവനുമുള്ളതാണ്. നിങ്ങളുടെ തകർന്ന ജീവിതവുമായി അവിടുത്തെ മുമ്പാകെ വന്നാൽ അവിടുന്ന് അത് നേരെയാക്കും. അവിടുന്ന് സ്നേഹസമ്പന്നനായ ഒരു പിതാവാണ്. നമ്മുടെ ഭവനത്തിൽ ഒരു വാസസ്ഥലം

തനിക്കായി ഒരുക്കണമെന്ന് പറയുന്നത് സ്നേഹ സമ്പന്നനായ ഒരു പിതാവാണെന്ന കാര്യം നാം അറിഞ്ഞിരിക്കണമെന്നത് പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. നമ്മുടെ ജീവിതത്തെക്കുറിച്ച് അവിടുത്തേയ്ക്ക് വളരെയേറെ താൽപ്പര്യമുണ്ട്. എന്ന് മാത്രമല്ല യേശു മടങ്ങി വരുന്നതുവരെ നാം സന്തോഷത്തോടെ ഇരിക്കണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു. യേശു കേന്ദ്രസ്ഥാനത്തുള്ളതും, നമ്മുടെ ഭവനത്തിലെ ഓരോ കാര്യങ്ങളും പണം ചെലവഴിക്കുന്നതും, സമയം ചെലവഴിക്കുന്നതും അങ്ങനെ ഓരോന്നും യേശുവിനെ സന്തോഷിപ്പിക്കുന്നതാണോ എന്ന് നോക്കി തീരുമാനിക്കപ്പെടുന്നതായ ഒരു ജീവിതമാണ് ഏറ്റവും മഹത്തായ ജീവിതമെന്നു എനിക്ക് പറയുവാൻ കഴിയും. അങ്ങനെ നാം ജീവിച്ചാൽ ക്രിസ്തു മടങ്ങി വരുമ്പോൾ നാം അവിടുത്തെ മുമ്പിൽ നിൽക്കുമ്പോൾ അവിടുന്ന് പറയും;'നന്നായി പ്രവർത്തിച്ചു'. മറ്റുള്ളവർ നമ്മെക്കുറിച്ച് എന്ത് കരുതും എന്നത് നമുക്കൊരു വിഷയമാവുകയില്ല.

പുറമേ കാണുന്നതിൻറെ അടിസ്ഥാനത്തിൽ ഒരാളെ വിധിക്കുക എന്നതാണ് മനുഷ്യസ്വഭാവം. വർഷങ്ങളോളം ഒരു ന്യായവാദി ആയിരുന്ന ഞാൻ അങ്ങനെ ചെയ്തിട്ടുണ്ട്. എന്നാൽ ദൈവം ഹൃദയങ്ങളെയാണ് കാണുന്നതെന്ന് ഇപ്പോൾ ഞാൻ വ്യക്തമായി കാണുന്നു. നമ്മുടെ ഹൃദയം എപ്പോഴും ശുദ്ധമായിട്ടിരിക്കണം എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നമ്മുടെ ഭവനം ഒരു കൊട്ടാരമാണോ കുടിലാണോ എന്നത് പ്രാധാന്യമുള്ള കാര്യമല്ല. പുറമെയുള്ള കാഴ്ചയും പ്രാധാന്യമുള്ളതല്ല. നമ്മുടെ ഹൃദയമാണ് ദൈവം കാണുന്നത്. അതുകൊണ്ട് ഹൃദയം ദൈവം വസിക്കുന്ന ഒരു വിശുദ്ധ സ്ഥലമാണെന്ന് ഉറപ്പാക്കുക.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)